# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2378
## 2018 ഡിസംബർ 06-(വ്യാഴം) നുള്ള മറുപടി

സർക്കാർ ജീവനക്കാരുടെ ഭവന വായ്പ

| | ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ഭവനവായ്പ പൊതുമേഖല/സ്വകാര്യമേഖല ബാങ്കുകൾക്ക് കൈമാറിയത് വഴി നിലവിൽ സർക്കാരിലേക്ക് ജീവനക്കാർ തിരിച്ചടച്ച തീർക്കേണ്ട തുക മുഴുവൻ ഈ ബാങ്കുകൾ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | 25/09/2018-ലെ സ.ഉ.(അച്ചടി) നം.150/2018/ധന ഉത്തരവ് പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ സർക്കാരിൽ നിന്ന് ഭവന നിർമ്മാണ വായ്പയെടുത്ത ജീവനക്കാരുടെ (സ്പാർക്കിലൂടെ ശമ്പളം പറ്റുന്ന ജീവനക്കാർ) വായ്പാ മുതലിനത്തിൽ അവശേഷിക്കുന്ന തുക മുഴുവനും ഫെഡറൽ ബാങ്കും പഞ്ചാബ് നാഷണൽ ബാങ്കും സർക്കാർ അക്കൗണ്ടിൽ "7610-00-201-98 HBA to State Service Officers" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. |
| (ബി) | ഈയിനത്തിൽ സർക്കാരിലേക്ക് എത്ര തുകയാണ് ലഭിച്ചത്; എത്ര തുകയാണ് ലഭിക്കുമെന്ന് കണക്കാക്കിയത്; വ്യക്തമാക്കുമോ; | 25/09/2018-ലെ സ.ഉ.(അച്ചടി) നം.150/2018/ധന ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്ത ലോൺ പോർട്ട്ഫോളിയോ ഇനത്തിൽ സർക്കാരിന് 745,76,25,603/-(എഴുന്നൂറ്റി നാൽപത്തി അഞ്ച് കോടി എഴുപത്തി ആറ് ലക്ഷത്തി ഇരുപത്തി അഞ്ച് ആയിരത്തി അറുന്നൂറ്റി മൂന്ന് രൂപ മാത്രം) ലഭിച്ചു. കൈമാറിയ ലോണിന്റെ മുഴുവൻ തുകയും ലഭിച്ചു. |
| (സി) | പ്രസ്തുത തുക ഏത് രീതിയിൽ പുനരുപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന്; വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾക്ക് ഈ തുക ഉപയോഗിക്കും. |

സെക്ഷൻ ഓഫീസർ